# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2878 — 28/01/2014 ൽ മറുപടിക്ക്

### സ്കൂൾ യൂണിഫോം വിതരണം - കമ്പനികളുമായി ധാരണ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. വി. വിജയദാസ് | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സ്കൂൾ യൂണിഫോം വിതരണത്തിന് എത്ര കമ്പനികളുമായി മാത്രം സർക്കാർ ധാരണയിലെത്താനാണ് ഉദ്ദേശിക്കുന്നത്; ഇതിനിടയാക്കിയ സാഹചര്യം വ്യക്തമാക്കുമോ; | എ) | ടെൻഡർ ഫോമുലേഷൻ ആന്റ് ഇവാലേഷൻ കമ്മിറ്റിയുടെ 29/06/2013 ലെ ഇടെണ്ടർ വിജ്ഞാപനപ്രകാരം 10 കമ്പനികൾ 22/07/2013 ലെ ടെണ്ടറിൽ പങ്കെടുക്കുകയുണ്ടായി. ഇടെണ്ടർ സംവിധാനത്തിലെ സാങ്കേതിക തകരാർ കാരണം പ്രസ്തുത ടെണ്ടർ റദ്ദാക്കുകയും റീ ടെണ്ടർ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ ഇതിൽ 9 കമ്പനികൾ മാത്രമേ പങ്കെടുത്തിരുന്നുള്ളൂ. അതിൽ തന്നെ വ്യവസ്ഥപ്രകാരമുള്ള പേയ്മെന്റ് (NEFT) നടത്താത്തതിനാൽ 6 കമ്പനികളുടെ ഇ.എം.ഡി പേയ്മെന്റ് പരിഗണനാർഹമായിരുന്നില്ല. ഈ സാഹചര്യത്തിൽ ലിമിറ്റഡ് ടെണ്ടർ അടിസ്ഥാനത്തിൽ 7 കമ്പനികളെ എംപാനൽ ചെയ്യുകയും പൊതു മേഖലാസ്ഥാപനമായ നാഷണൽ ടെക്സ്റ്റയിൽ കോർപ്പറേഷനെയും കൂടി എംപാനൽ പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്തു. |

| | |
|---|---|
| ബി) സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിൽ നിലവിലുള്ള യൂണിഫോം ഘടന (കളർ+ഡിസൈൻ) എത്ര എണ്ണം മേൽപറഞ്ഞ കമ്പനികൾക്ക് ലഭ്യമാക്കാനാകും; വിശദവിവരം നൽകുമോ; | ബി) 11 എണ്ണം |
| (സി) സൗജന്യ യൂണിഫോമിന്റെ പരിധിയിൽ വരാത്ത എ.പി.എൽ. വിഭാഗത്തിലെ ആൺകുട്ടികൾ നിലവിലുള്ള യൂണിഫോമിൽ തുടരുകയും, മഫത്ത്‌ലാൽ കമ്പനി പതിനൊന്ന് കളർ ഡിസൈനിൽ മാത്രം യൂണിഫോം ലഭ്യമാക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ സ്കൂളുകളിൽ പൊതു യൂണിഫോം എന്ന നിലവിലുള്ള സ്ഥിതി എങ്ങനെ തുടരാനാകും ; വിശദീകരണം നൽകുമോ? | സി) എംപാനൽ ചെയ്ത കമ്പനികൾ നൽകിയിട്ടുള്ള 11 പാറ്റേൺ യൂണിഫോമിൽ നിന്നും സ്കൂളുകൾ അവരുടെ പാറ്റേൺ തെരഞ്ഞെടുക്കേണ്ടതാണ്. എംപാനൽ ചെയ്ത കമ്പനികളിൽ നിന്നും സ്കൂളുകളിൽ നിലവിലുള്ള പാറ്റേൺ ലഭ്യമാകുന്നില്ലെങ്കിൽ ആ സ്കൂളിലേക്കുള്ള യൂണിഫോം സ്കൂളധികൃതർ നിശ്ചയിക്കുന്ന തരത്തിൽ പൊതു മാർക്കറ്റിൽ നിന്നും ഗുണമേന്മ ഉറപ്പുവരുത്തി വാങ്ങാവുന്നതാണ്. |

സെക്ഷൻ ഓഫീസർ